# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/175/2017 പത്രക്കുറിപ്പ് 2017 ആഗസ്റ്റ് 21

**പരീക്ഷകൾ മാറ്റി**

ജൈവം 2017 പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നടക്കുന്നതിനാൽ മഹാത്മാഗാന്ധി സർവ്വകലാശാല ആഗസ്റ്റ് 29 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്. അന്നേദിവസം കോളേജുകൾ നടത്താൻ നിശ്ചയിച്ചിട്ടുള്ള ഇന്റേണൽ പരീക്ഷകളും മാറ്റിവയ്ക്കേണ്ടതാണ്.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എസ്സി. എൻവയോൺമെന്റ് സയൻസ് & മാനേജ്മെന്റ് റഗുലർ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്റ്റംബർ 2 വരെ സ്വീകരിക്കും.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്സി. മാത്തമാറ്റിക്സ് (പി. ജി. സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്റ്റംബർ 7 വരെ സ്വീകരിക്കും.

**ഓണാവധി**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകൾ ഓണം അവധിക്കായി ആഗസ്റ്റ് 31 ന് വൈകുന്നേരം അടയ്ക്കുന്നതും ഓണാവധിക്കുശേഷം സെപ്റ്റംബർ 11 ന് തുറന്ന് പ്രവർത്തിക്കുന്നതുമാണ്.

**നെറ്റ്/ജെ. ആർ. എഫ് പരീക്ഷാപരിശീലനം**

യു. ജി. സി യുടെ മാനവിക വിഷയങ്ങൾക്കുള്ള നെറ്റ്/ജെ. ആർ. എഫ് പരീക്ഷയുടെ ജനറൽ പേപ്പറിന് വേണ്ടിയുള്ള പരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഉടൻ ആരംഭിക്കുന്നു. വിവരങ്ങൾക്ക് ഫോൺ : 0481 – 2731025

**സഹകരണ ബാങ്ക് ക്ലാർക്ക് പരീക്ഷാപരിശീലനം**

മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ബി. കോം (കോ-ഓപ്പറേഷൻ)/ജെ. ഡി. സി/എച്ച്. ഡി. സി യോഗ്യതയുള്ളവർക്കായി നടത്തുന്ന സഹകരണ ബാങ്ക് ജൂണിയർ ക്ലർക്ക് പരീക്ഷാപരിശീലനത്തിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിവരങ്ങൾക്ക് ഫോൺ : 0481 – 2731025, 7559 940 413.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**